**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1588** **19-01-2021 - ൽ മറുപടിയ്ക്ക്**

**വിവാഹ രജിസ്ട്രേഷനുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | **Shri A. C. Moideen**<br>**(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നിലവിലുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. 1. ഹിന്ദു വിവാഹ നിയമം - 1955 , കേരള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ - 1957 2. കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ - 2008 3. ആനന്ദ് വിവാഹ രജിസ്ട്രേഷൻ നിയമം 1909 , കേരള ആനന്ദ് വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ 2014 ഇത് കൂടാതെ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, നിർദ്ദേശങ്ങൾ , സർക്കുലറുകൾ എന്നിവ ക്രോഡീകരിച്ച് 10.05.2017 ൽ ബി1.15346/2017 നമ്പരായി മുഖ്യ (പൊതു) വിവാഹ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |
| (ബി) | ജനന വർഷം മാത്രം രേഖപ്പെടുത്തിയ ആധാർ കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ് എന്നിവയൊഴികെ ജനനത്തീയതി തെളിയിക്കാൻ മറ്റ് രേഖകളൊന്നുമില്ലാത്തവർ വിവാഹം രജിസ്റ്റർ ചെയ്യാൻ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജനപ്രതിനിധികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പ്രായം കണക്കാക്കി വിവാഹം രജിസ്റ്റർ ചെയ്യാൻ അനുമതി നൽകുന്നതിന് സർക്കാർ സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

# വിവാഹ രജിസ്ട്രേഷൻ
# സർക്കുലർ

നമ്പർ. ബി1-15346/2017

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 10.05.2017

## സർക്കുലർ

വിഷയം: വിവാഹ രജിസ്ട്രേഷൻ-ക്രോഡീകരിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: പഞ്ചായത്ത് ഡയറക്ടറുടെ 07.02.2015 ലെ ബി1-5000/2015 നമ്പർ സർക്കുലർ

1. 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ, 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകൾ, സർക്കുലറുകൾ, നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സൂചനയിലെ സർക്കുലറിനു ശേഷം ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതികളും സർക്കാർ സ്പഷ്ടീകരണങ്ങളും ക്രോഡീകരിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് ചീഫ് രജിസ്ട്രാർ മുൻപ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കുന്നു.

**2. ഹിന്ദു വിവാഹ രജിസ്ട്രേഷൻ**

2.1 1955ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടക്കുന്ന വിവാഹങ്ങൾ 15 ദിവസത്തിനകം ഫാറം നമ്പർ 1-ൽതദ്ദേശരജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. റിപ്പോർട്ടിനോടൊപ്പം ഭാര്യാഭർത്താക്കൻമാരുടെ വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ, ആദ്യ വിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ നിയമാനുസൃത രേഖകൾ/പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ എന്നിവ സമർപ്പിക്കുന്നതിൻമേൽ, വിവാഹം നടന്നത് ബോധ്യപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.2 ഭർത്താവ് ഒരു പ്രവാസി ഭാരതീയനാകുന്ന സംഗതിയിൽ അദ്ദേഹത്തിന്റ വിദേശത്തുള്ള താമസ സ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പരും പാസ്പോർട്ട് നമ്പരും മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തേണ്ടതും സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പ് വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പായി വിവാഹ രജിസ്റ്ററിൽ ഒട്ടിക്കേണ്ടണ്ടതുമാണ്.

2.3 വിവാഹം നടന്ന് 15 ദിവസത്തിനു ശേഷം 30 ദിവസം വരെ ലഭിക്കുന്ന വിവാഹ റിപ്പോർട്ടുകൾ കാലതാമസം മാപ്പാക്കി തദ്ദേശരജിസ്ട്രാർക്കു തന്നെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇതിനായി മേൽപ്പറഞ്ഞ രേഖകൾക്കൊപ്പം കാലതാമസം മാപ്പാക്കുന്നതിനുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും സമർപ്പിക്കേണ്ടതാണ്.

2.4 വിവാഹം നടന്ന് 30 ദിവസത്തിനു ശേഷം റിപ്പോർട്ടു ചെയ്യുന്ന വിവാഹങ്ങൾ ജില്ലാ രജിസ്ട്രാറായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2.5 ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് വിവാഹത്തിലെ രണ്ടു കക്ഷികളും ഹിന്ദു മത വിശ്വാസികളോ, ബുദ്ധ, ജൈന, സിഖ് മത വിശ്വാസികളോ ആയിരിക്കേണ്ടതും വിവാഹം ഹിന്ദു വിവാഹ ആക്ടിലെ വ്യവസ്ഥ പ്രകാരം നടന്നിരിക്കേണ്ടതുമാണ്. എന്നാൽ പൗരത്വം പരിഗണിക്കാതെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

2.6 വിവാഹ റിപ്പോർട്ട് നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ രജിസ്ട്രാർക്ക് സമർപ്പിക്കാവുന്നതാണ്. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഭാര്യാഭർത്താക്കൻമാർ നേരിട്ട് ഹാജരാകണമെന്നോ രജിസ്റ്ററിൽ ഒപ്പു വയ്ക്കണമെന്നോ വ്യവസ്ഥയില്ലാത്തതാണ്.

2.7 മൂന്നു രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ സമർപ്പിച്ച്, പത്തു രൂപ പകർപ്പു ഫീസ് ഒടുക്കി വിവാഹ സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്. ഹിന്ദു വിവാഹ രജിസ്ട്രേഷൻ സേവനങ്ങൾക്കായി മറ്റു യാതൊരു ഫീസും ഈടാക്കുവാൻ പാടുള്ളതല്ല.

2.8 വിവാഹ രജിസ്ട്രേഷനിലെ പേര്, വയസ്, തീയതികൾ മുതലായ സാരവത്തായ വിവരങ്ങളിലെ തിരുത്തലുകൾ രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡയറക്ടർ) അനുമതിയോടെ നടത്തേണ്ടതാണ്. മറ്റു തിരുത്തലുകൾ ഗവ: സർക്കുലർ 23512/E2/2005/Law തീയതി 20.02.2006 പ്രകാരം ലോക്കൽ രജിസ്ട്രാർക്കു തന്നെ ചെയ്യാവുന്നതാണ്.

2.9 തിരുത്തലുകൾക്ക് ഫീസ് ഈടാക്കുന്നതിന് വ്യവസ്ഥയില്ല.

## 3 പൊതു വിവാഹ രജിസ്ട്രേഷൻ

### 3.1 രജിസ്ട്രേഷൻ

3.1.1 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വന്ന 29.02.2008 മുതൽ നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബ്ബന്ധമായും കക്ഷികളുടെ മതഭേദമെന്യെ വിവാഹം നടന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിനായി വിവാഹം നടന്ന തീയതി മുതൽ 45 ദിവസങ്ങൾക്കകം ചട്ടപ്രകാരമുള്ള ഫാറം നമ്പർ 1-ൽ രണ്ട് സെറ്റ് മെമ്മോറാണ്ടം സമർപ്പിക്കേണ്ടതാണ്.

3.1.2 ചട്ടങ്ങൾ നിലവിൽ വന്നതിനു മുമ്പു നടന്ന വിവാഹങ്ങളും ആവശ്യമെങ്കിൽ രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതിയോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.3 ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാര പ്രകാരമോ നടന്ന വിവാഹങ്ങളല്ലാതെ ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന യാതൊരു ബന്ധവും രജിസ്റ്റർ ചെയ്യാവുന്നതല്ല. (ജി.ഒ.(പി) നം.2/2015/നിയമം തീയതി 16.02.2015)

3.1.4 വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെടുന്നവരുടെ വിവാഹങ്ങളും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നടന്നതാണെങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.5 27.06.2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായ പരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് 27.06.2013ലെ 41832/ആർ.ഡി.3/2013/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ആയത് പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

3.1.6 2006 ലെ ശൈശവ വിവാഹ നിരോധന ആക്ടിലെ 3-ാം വകുപ്പ് പ്രകാരം പ്രായപൂർത്തിയാകാതെ നടന്ന വിവാഹങ്ങളിൽ കക്ഷികൾ പ്രായപൂർത്തിയായി 2 വർഷത്തിനകം വിവാഹം അസാധുവാക്കുന്നതിനുള്ള അപേക്ഷ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.7 ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ മരണപ്പെട്ടുപോയ സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾ വിവാഹത്തിന് സാക്ഷ്യം വഹിച്ച രണ്ടാളുകളുടെ ഒപ്പോടുകൂടിയ മെമ്മോറാണ്ടം, വിവാഹം നടന്നതിനുള്ള തെളിവും പങ്കാളിയുടെ മരണ സർട്ടിഫിക്കറ്റും സഹിതം ഹാജരാക്കുന്ന പക്ഷം വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.8 വിവാഹ രജിസ്ട്രേഷനായി മെമ്മോറാണ്ടത്തോടൊപ്പം വിവാഹത്തിലെ കക്ഷികളുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള അംഗീകൃത രേഖകളും വിവാഹം നടന്നതിനുള്ള തെളിവും സമർപ്പിക്കേണ്ടതാണ്. രണ്ടാം വിവാഹമാണെങ്കിൽ ആദ്യവിവാഹം വേർപെട്ടതിന്റെ തെളിവിനായി മരണ സർട്ടിഫിക്കറ്റ്/വിവാഹമോചനം അനുവദിച്ച കോടതി ഉത്തരവ് സമർപ്പിക്കേണ്ടതാണ്. ഇസ്ലാം മതാചാരപ്രകാരമുള്ള വിവാഹങ്ങൾക്ക്, മുഹമ്മദൻ നിയമം അനുശാസിക്കുന്ന നിബന്ധനകൾ പാലിച്ച് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുസ്ലിം വിവാഹങ്ങളുടെ മോചനം സംബന്ധിച്ച് മുഹമ്മദൻ നിയമം അനുശാസിക്കുന്ന ഏതെങ്കിലും വിധത്തിൽ ഭർത്താവ് ഭാര്യയെ മൊഴി ചൊല്ലി എന്നു കാണിക്കുന്ന ജമാ-അത്തിൽ നിന്നുള്ള കത്തോ ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിലുണ്ടായ കരാറിന്റെ അടിസ്ഥാനത്തിൽ നേടുന്ന വിവാഹ മോചന

രേഖയുടെ പകർപ്പോ അല്ലെങ്കിൽ കോടതിയിൽ നിന്നുള്ള വിവാഹ മോചന ഉത്തരവോ ഹാജരാക്കിയാൽ മതിയാകുന്നതാണ്

3.1.9 ഭർത്താവ് ഒരു പ്രവാസി ഭാരതീയനാകുന്ന സംഗതിയിൽ അദ്ദേഹത്തിന്റ വിദേശത്തുള്ള താമസ സ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പരും പാസ്പോർട്ട് നമ്പരും മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തേണ്ടതും സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പ് വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പായി വിവാഹ രജിസ്റ്ററിൽ ഒട്ടിക്കേണ്ടണ്ടതുമാണ്.

3.1.10 ഹിന്ദു വിവാഹ നിയമ പ്രകാരവും ക്രിസ്ത്യൻ വിവാഹ നിയമ പ്രകാരവും ഒരു ജീവിത പങ്കാളിയുള്ളപ്പോൾ മറ്റൊരു വിവാഹം അനുവദനീയമല്ല. എന്നാൽ മുസ്ലിം വ്യക്തി നിയമം അനുസരിച്ച് ബഹുഭാര്യാത്വം അനുവദനീയമായതിനാൽ അപ്രകാരമുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.11 വിവാഹ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടം കഴിവതും ഓൺലൈനായി സമർപ്പിക്കേണ്ടതും മെമ്മോറാണ്ടത്തിന്റെ പ്രിന്റൗട്ട് വിവാഹത്തിലെ കക്ഷികളും സാക്ഷികളും ഒപ്പിട്ട് രജിസ്ട്രേഷൻ യൂണിറ്റിൽ ഹാജരാക്കേണ്ടതുമാണ്. സാക്ഷികൾ രജിസ്ട്രേഷൻ യൂണിറ്റിൽ നേരിട്ട് ഹാജരാകേണ്ടതില്ല.

3.1.12 വിവാഹം നടന്നതിനുള്ള തെളിവായി മതാചാര പ്രകാരമുള്ള വിവാഹങ്ങൾക്ക് മതാധികാരസ്ഥാനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ/എം.പി/എം.എൽ.എ/ തദ്ദേശഭരണ സ്ഥാപന അംഗം ഫോറം നം.2-ൽ നൽകുന്ന ഡിക്ലറേഷനും ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം നടന്ന വിവാഹങ്ങൾക്ക് വിവാഹ ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും തെളിവായി സ്വീകരിക്കേണ്ടതാണ്.

3.1.13 ജനനതീയതി തെളിയിക്കുന്നതിന് സ്കൂൾരേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സർക്കാർ നൽകിയ ജനനതീയതി കാണിക്കുന്ന മറ്റു രേഖകൾ എന്നിവ സ്വീകരിക്കാവുന്നതാണ്.

3.1.14 ഫോറം 1-ൽ ഉള്ള മെമ്മോറാണ്ടവും രജിസ്ട്രേഷൻ ഫീസും ലഭിച്ചാൽ നേരിട്ടോ, തപാൽ മുഖേനയോ ലഭിക്കുന്നവ ഡാറ്റാ എൻട്രി നടത്തേണ്ടതും ഓൺലൈനായി ലഭിക്കുന്നവ ഡൗൺലോഡ് ചെയ്യേണ്ടതുമാണ്. മെമ്മോറാണ്ടത്തിന്റെ പ്രിന്റൗട്ട് അപേക്ഷകർക്ക് പരിശോധനയ്ക്കായി നൽകി ഒപ്പിട്ടുവാങ്ങേണ്ടതും ആവശ്യമെങ്കിൽ തിരുത്തൽ വരുത്തിയ ശേഷം ഫോറം നമ്പർ 3- രജിസ്റ്ററിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതുമാണ്.

3.1.15 വിവാഹത്തിലെ കക്ഷികൾ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരായി വിവാഹ രജിസ്റ്ററിൽ നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പുവയ്ക്കേണ്ടതാണ്. എന്നാൽ ഇരുകക്ഷികളും ഒരേ സമയം തന്നെ ഹാജരാകണമെന്ന് നിർബ്ബന്ധമില്ല. ഇപ്രകാരം കക്ഷികൾ ഒപ്പുവച്ച ശേഷം തദ്ദേശ രജിസ്ട്രാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ രജിസ്ട്രേഷൻ നടത്തിയതായി കണക്കാക്കുകയുള്ളു. എന്നാൽ വിവാഹ രജിസ്റ്ററിൽ സാക്ഷികൾ ഒപ്പു വയ്ക്കേണ്ടതില്ല.

3.1.16 കഴിയുന്നതും മെമ്മോറാണ്ടം സമർപ്പിക്കുന്ന ദിവസം തന്നെ നടപടികൾ പൂർത്തിയാക്കി രജിസ്ട്രാർ തന്റെ ലോഗിനിൽ വിവാഹ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ഫോറം നം.3-ന്റെ പ്രിന്റൗട്ടിൽ രജിസ്ട്രേഷൻ നമ്പരും തീയതിയും രേഖപ്പെടുത്തി ഒപ്പു വയ്ക്കേണ്ടതുമാണ്. മെമ്മോറാണ്ടത്തിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്നുവെങ്കിൽ രജിസ്ട്രാർക്ക് യുക്തമെന്നു തോന്നുന്ന അന്വേഷണം നടത്താവുന്നതും ഒരാഴ്ചയ്ക്കുള്ളിൽ രജിസ്ട്രേഷൻ നടത്തുന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുമാണ്.

3.1.17 വിവാഹം രജിസ്റ്റർ ചെയ്യത്തക്കതല്ലെന്ന് കാണുന്നപക്ഷം സോഫ്റ്റ് വെയറിലും രജിസ്റ്ററിന്റെ പ്രിന്റൗട്ടിലും രേഖപ്പെടുത്തേണ്ടതും രജിസ്റ്റർ ചെയ്യാതിരിക്കാനുള്ള കാരണം കക്ഷികളെ

രേഖാമൂലം അറിയിക്കേണ്ടതുമാണ്.

3.1.18 വിവാഹം രജിസ്റ്റർ ചെയ്തതിനു തെളിവായി 4-ാം നമ്പർ ഫാറത്തിലുള്ള സാക്ഷ്യപത്രം കഴിയുന്നതും രജിസ്ട്രേഷൻ നടത്തുന്ന ദിവസം തന്നെയും പരമാവധി 3 പ്രവൃത്തിദിവസങ്ങൾ കഴിയുന്നതിന് മുമ്പായും നൽകേണ്ടതാണ്.

**3.2 45 ദിവസങ്ങൾക്കുശേഷമുള്ള രജിസ്ട്രേഷൻ**

3.2.1 വിവാഹ തീയതി മുതൽ 45 ദിവസത്തിനുശേഷം അഞ്ചു വർഷം വരെ മെമ്മോറാണ്ടം സമർപ്പിക്കുന്ന കേസുകളിൽ 100 രൂപ പിഴ ഈടാക്കി ലോക്കൽ രജിസ്ട്രാർക്കു തന്നെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

3.2.2 ഇപ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് മെമ്മോറാണ്ടത്തോടൊപ്പം ഗസറ്റഡ് ഓഫീസർ/എം.പി/ എം.എൽ.എ/തദ്ദേശഭരണ സ്ഥാപന അംഗം ഫാറം നം.2-ൽ നൽകുന്ന ഡിക്ലറേഷൻ അല്ലെങ്കിൽ വിവാഹം നടന്നത് തെളിയിക്കുന്ന, രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്ന തെളിവും സാധാരണ രജിസ്ട്രേഷനാവശ്യമായ മറ്റു രേഖകളും സമർപ്പിക്കേണ്ടതാണ്.

**3.3 5 വർഷം കഴിഞ്ഞുള്ള രജിസ്ട്രേഷൻ**

3.3.1 വിവാഹ തീയതി മുതൽ 5 വർഷം കഴിഞ്ഞ് മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള വിവാഹങ്ങൾ രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ 250 രൂപ പിഴ ഈടാക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.3.2 ഇപ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് മെമ്മോറാണ്ടത്തോടൊപ്പം ഗസറ്റഡ് ഓഫീസർ/എം.പി/ എം.എൽ.എ/തദ്ദേശഭരണ സ്ഥാപന അംഗം ഫാറം നം.2-ൽ നൽകുന്ന ഡിക്ലറേഷൻ അല്ലെങ്കിൽ വിവാഹം നടന്നത് തെളിയിക്കുന്ന, രജിസ്ട്രാർ ജനറലിന് ബോദ്ധ്യമാകുന്ന തെളിവും സാധാരണ രജിസ്ട്രേഷനാവശ്യമായ മറ്റു രേഖകളും സമർപ്പിക്കേണ്ടതാണ്.

3.3.3 വിവാഹം നടന്ന് 5 വർഷത്തിനുശേഷം സമർപ്പിക്കുന്ന മെമ്മോറാണ്ടം അനുമതിക്കായി രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അയക്കുമ്പോൾ ആവശ്യമായ രേഖകൾക്കു പുറമേ വിവാഹം നടന്നതു സംബന്ധിച്ച് രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടും വ്യക്തമായ ശുപാർശയും സമർപ്പിക്കേണ്ടതാണ്.

3.3.4 രജിസ്ട്രാർ ജനറലിന് ആവശ്യമുള്ള പക്ഷം വിശദമായ അന്വേഷണം നടത്താവുന്നതാണ്.

**3.4 തിരുത്തലും റദ്ദാക്കലും**

3.4.1 തദ്ദേശരജിസ്ട്രാർക്ക് സ്വമേധയായോ കക്ഷികളുടെ അപേക്ഷയിലോ വിവാഹ രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ വ്യാജമായോ കൃത്യതയില്ലാതെയോ ഉണ്ടാക്കിയതാണെന്നോ ബോദ്ധ്യപ്പെട്ടാൽ തിരുത്തലോ റദ്ദാക്കലോ സംബന്ധിച്ച നടപടികൾ സ്വീകരിക്കാവുന്നതാണ്.

3.4.2 പേര്, വയസ്, തീയതി മുതലായ സാരവത്തായ വിശദാംശങ്ങളിലെ ക്ലെറിക്കൽ പിശകുകൾ ഒഴികെയുള്ള തിരുത്തലുകളും റദ്ദാക്കലുകളും രജിസ്ടാർ ജനറലിന്റെ അനുമതിയോടെയും മറ്റുള്ള വിവരങ്ങളിലെ തിരുത്തലുകൾ രജിസ്ട്രാർക്ക് സ്വന്തം നിലയ്ക്കും നടത്താവുന്നതാണ്.

3.4.3 ക്ലെറിക്കൽ പിശക് ഒഴികെയുള്ള തിരുത്തലുകൾക്ക് നൂറു രൂപ ഫീസ് ഈടാക്കേണ്ടതാണ്.

3.4.4 വിവാഹ രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്താൽ അതിന്റെ അറിയിപ്പ് വിവാഹത്തിലെ കക്ഷികൾക്ക് നൽകേണ്ടതാണ്.

3.4.5 തിരുത്തലോ റദ്ദാക്കലോ, ബന്ധപ്പെട്ട കക്ഷിക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നടത്തുവാൻ പാടില്ല.

3.5 **പരിശോധനയും സർട്ടിഫിക്കറ്റ് നൽകലും**

3.5.1 വിവാഹ രജിസ്റ്ററിലെ ഏതൊരു ഉൾക്കുറിപ്പും പരിശോധിക്കുന്നതിനും വിവാഹ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ഏതൊരാൾക്കും അപേക്ഷ സമർപ്പിക്കാവുന്നതും 25 രൂപ ഫീസ് ഒടുക്കുന്നതിന്മേൽ രജിസ്ട്രാർ പരിശോധന നടത്തി വിവരം നൽകുകയോ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്യേണ്ടതുമാണ്.

3.5.2 www.cr.lsgkerala.gov.in എന്ന വെബ്ബ്സൈറ്റിൽ നിന്നും സേർച്ച് ചെയ്ത് രജിസ്ട്രേഷൻ പൂർത്തീകരിച്ചതും വെബ്ബിലേക്ക് അപ്‌ലോഡ് ചെയ്തതുമായ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്തെടുക്കുന്ന ബാർകോഡോടു കൂടിയ സർട്ടിഫിക്കറ്റുകൾ എല്ലാ ആവശ്യങ്ങൾക്കും അംഗീകൃത രേഖയായി കണക്കാക്കുന്നതാണ് (GO(P) 6/13/Law dtd 09.10.2013).

3.5.3 1959 ലെ കേരള സ്റ്റാമ്പ് ആക്ട് ഷെഡ്യൂളിലെ ക്രമ നമ്പർ 23 (i) പ്രകാരം സർട്ടിഫിക്കറ്റുകൾ മുദ്രപ്പത്രത്തിൽ നൽകുമ്പോൾ 50 രൂപയുടെ മുദ്രപത്രമാണ് ഉപയോഗിക്കേണ്ടത്

3.6 **അപ്പീലും റിവിഷനും**

3.6.1 രജിസ്ട്രേഷൻ, തിരുത്തൽ, സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങിയ തദ്ദേശ രജിസ്ട്രാറുടെ ഏതൊരു തീരുമാനത്തിനെതിരെയും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നുമാസക്കാലയളവിനുള്ളിൽ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. മതിയായ കാരണങ്ങളിന്മേൽ രജിസ്ട്രാർ ജനറലിന് കാലതാമസം മാപ്പാക്കാവുന്നതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം 60 ദിവസ കാലയളവിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതുമാണ്.

3.6.2 രജിസ്ട്രാർ ജനറലിന്റെ തീരുമാനത്തിനെതിരെ തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നുമാസക്കാലയളവിനുള്ളിൽ മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതാണ്. മതിയായ കാരണങ്ങളിന്മേൽ മുഖ്യ രജിസ്ട്രാർ ജനറലിന് കാലതാമസം മാപ്പാക്കാവുന്നതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം 60 ദിവസ കാലയളവിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതുമാണ്.

3.7 **ഫീസ്/പിഴ നിരക്ക്**

3.7.1 പൊതുവിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച ഫീസ്/പിഴ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഫീസ് |
|---|---|---|
| 1 | വിവാഹ രജിസ്ട്രേഷൻ | |
| (1) | ബി.പി.എൽ/എസ്.സി./എസ്.റ്റി വിഭാഗത്തിപ്പെട്ടവർക്ക് | 10/- |
| (2) | പൊതുവിഭാഗക്കാർക്ക് | 100/- |
| 2 | 45 ദിവസങ്ങൾക്കുശേഷം അഞ്ചു വർഷം വരെയുള്ള വിവാഹ രജിസ്ട്രേഷനുള്ള പിഴ (ഇനം 1-ലെ ഫീസിനു പുറമേ) | 100/- |
| 3 | 5 വർഷത്തിനുശേഷമുള്ള വിവാഹ രജിസ്ട്രേഷനുള്ള പിഴ (ഇനം 1-ലെ ഫീസിനു പുറമേ) | 250/- |
| 4 | ക്ലെറിക്കൽ പിശക് ഒഴികെയുള്ള തിരുത്തലുകൾക്ക് | 100/- |
| 5 | വിവാഹ രജിസ്ട്രേഷന്റെ തെളിവായി നൽകുന്ന വിവാഹ സാക്ഷ്യപത്രം | 20/- |
| 6 | വിവാഹ സാക്ഷ്യപത്രം (ചട്ടം 14 പ്രകാരം) 25/- | |

3.8 **സേവനാവകാശ നിയമം**

3.8.1 സേവനാവകാശ നിയമ പ്രകാരമുള്ള വ്യവസ്ഥകൾ ഈ വിഷയത്തിൽ ബാധകമാണ്. വിവിധ സേവനങ്ങൾക്കായി സമർപ്പിക്കേണ്ട രേഖകളും ഫീസും വ്യക്തമാക്കുന്ന ചെക്ക് ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമായി സേവനങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.ബാലകിരൺ, ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ
ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ&
മുഖ്യ വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ

എല്ലാ രജിസ്ട്രാർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും

അഡീഷണൽ ചീഫ് രജിസ്ട്രാർ

നഗരകാര്യ വകുപ്പ് ഡയറക്ടർ

എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)

എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (")

പബ്ലിസിറ്റി ആഫീസർ

കരുതൽ ഫയൽ

# അനുബന്ധം

# വിവാഹ രജിസ്ട്രേഷൻ

# സേവനങ്ങൾ - ചെക്ക് ലിസ്റ്റ്

## 1955 ലെ ഹിന്ദു വിവാഹ നിയമം

## 1.1 വിവാഹ രജിസ്ട്രേഷൻ

### 1.1.1 വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | തദ്ദേശ രജിസ്ട്രാർക്ക് |
| II. | സമയ പരിധി | - | 15 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | തദ്ദേശ രജിസ്ട്രാർ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | **വിവാഹം കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന സംഗതികളിൽ**<br>1. വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ (ഫോറം 1 ) (1957 ലെ ഹിന്ദുവിവാഹ രജിസ്ട്രേഷൻ ചട്ടം)<br>2. വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ<br>3. വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ /പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ<br>4. വിവാഹം കഴിഞ്ഞ് 15 ദിവസത്തിന് ശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിന് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച സംയുക്ത അപേക്ഷ<br>5. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഫോട്ടോ കോപ്പിയും വിദേശതാമസസ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. (സ.ഉ(പി)16/2015/തീയതി 23.9.2015) |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |

**കുറിപ്പുകൾ**

1. ഭാര്യയും ഭർത്താവും ഹിന്ദു മതവിശ്വാസികളോ,ബുദ്ധ/ജൈന/സിക്ക് മതവിശ്വാസികളൊ ആയിരിക്കണം.
2. വിവാഹം നടന്ന ദിവസത്തെ വിവരങ്ങളാണ് റിപ്പോർട്ടിൽ ചേർക്കേണ്ടത്. അതിന് ശേഷം ഉള്ള മാറ്റങ്ങൾ ഉൾപ്പെടുത്താവുന്നതല്ല.
3. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ദമ്പതിമാർ നേരിട്ട് ഹാജരാകണമെന്ന് നിർബന്ധമില്ല. ഫോറം 1 (വിവാഹ റിപ്പോർട്ട്) തപാലിൽ രജിസ്റ്റേർഡ് ആയി അയച്ചാൽ മതി. രജിസ്റ്ററിൽ വധൂവരന്മാർ ഒപ്പിടേണ്ട സ്ഥലങ്ങളിൽ ഒപ്പ് എന്ന് രേഖപ്പെടുത്തിയാൽ മതി.
4. പൗരത്വം പരിഗണിക്കാതെ വിവാഹ രജിസ്ട്രേഷൻ നടത്താം. (സർക്കുലർ നം 2507/2008 തീയതി 28.3.2008,
5. വിവാഹം ഹിന്ദുമതാചാര പ്രകാരമാണെന്ന് ഉറപ്പാക്കണം.

# 1955 ലെ ഹിന്ദു വിവാഹ നിയമം

## 1.1 വിവാഹ രജിസ്ട്രേഷൻ

### 1.1.2 വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ജില്ലാ രജിസ്ട്രാർക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) തദ്ദേശ രജിസ്ട്രാർ മുഖാന്തിരം |
| II. | സേവനം നൽകുന്നതിനുള്ള സമയ പരിധി | - | 15 പ്രവൃത്തി ദിവസം (ജില്ലാ രജിസ്ട്രാറുടെ പക്കൽ നിന്നും അനുമതി ലഭിച്ചതിന് ശേഷം) |
| III. | ഉദ്യോഗസ്ഥൻ | - | തദ്ദേശ രജിസ്ട്രാർ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1 വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ (ഫോറം 1 ) (ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടം 1957)<br>2 പേര്, വയസ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ<br>3 ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ /ആദ്യ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ<br>4 കാലതാമസം മാപ്പാക്കുന്നതിന് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച തദ്ദേശ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷ<br>5. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഫോട്ടോ കോപ്പിയും വിദേശതാമസസ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. (സ.ഉ(പി)16/2015/തീയതി 23.9.2015) |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |

**കുറിപ്പുകൾ**

1. ഭാര്യയും ഭർത്താവും ഹിന്ദു മതവിശ്വാസികളൊ,/ബുദ്ധ/ജൈന/സിക്ക് മതവിശ്വാസികളൊ ആയിരിക്കണം.
2. വിവാഹം നടന്ന ദിവസത്തെ വിവരങ്ങളാണ് റിപ്പോർട്ടിൽ ചേർക്കേണ്ടത്. അതിന് ശേഷം ഉള്ള മാറ്റങ്ങൾ ഉൾപ്പെടുത്താവുന്നതല്ല.
3. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ദമ്പതിമാർ നേരിട്ട് ഹാജരാകണമെന്ന് നിർബന്ധമില്ല. (ഫോറം 1 വിവാഹ റിപ്പോർട്ട്) തപാലിൽ രജിസ്റ്റേർഡ് ആയി അയച്ചാൽ മതി. രജിസ്റ്ററിൽ വധൂവരന്മാർ ഒപ്പിടേണ്ട സ്ഥലങ്ങളിൽ ഒപ്പ് എന്ന് രേഖപ്പെടുത്തിയാൽ മതി.
4. പൗരത്വം പരിഗണിക്കാതെ വിവാഹ രജിസ്ട്രേഷൻ നടത്താം.
5. വിവാഹം ഹിന്ദുമതാചാര പ്രകാരമാണെന്ന് ഉറപ്പാക്കണം

## 1955 ലെ ഹിന്ദു വിവാഹ നിയമം

### 1.1 വിവാഹ രജിസ്ട്രേഷൻ

#### 1.1.3 വിവാഹ രജിസ്ട്രേഷനിലെ അടിസ്ഥാന വിവരങ്ങളിലെ തിരുത്തലുകൾ.

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) തദ്ദേശ രജിസ്ട്രാർ മുഖാന്തിരം |
| II. | സേവനം നൽകുന്നതിനുള്ള സമയപരിധി | - | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം |
| III. | ഉദ്യോഗസ്ഥൻ | - | തദ്ദേശ രജിസ്ട്രാർ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. രജിസ്ട്രാർ ജനറലിനുള്ള സംയുക്ത അപേക്ഷ (5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം)<br>2. ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |

**കുറിപ്പ്:**

1. വിവാഹം നടക്കുന്ന ദിവസത്തെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് റിപ്പോർട്ടിൽ ചേർക്കുന്നത്. അതിന് ശേഷം ഉള്ള മാറ്റങ്ങൾ അനുവദനീയമല്ല.
2. അപേക്ഷയും ഉള്ളടക്കങ്ങളും വിവാഹരജിസ്ട്രേഷന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടും ശുപാർശയും സഹിതം വിവാഹ രജിസ്ട്രാർ ജനറലിന് അയച്ച് കൊടുക്കണം
3. അടിസ്ഥാന വിവരങ്ങൾ അല്ലാത്ത സംഗതികളിൽ യൂണിറ്റിലെ രജിസ്ട്രാർക്ക് തന്നെ തിരുത്തൽ നടത്താം (സർക്കുലർ നമ്പർ 23512/ഇ2/2005 law തീയതി 20.2.2006.)
4. നേരത്തെ കൈപ്പറ്റിയ വിവാഹ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം. ലഭ്യമല്ലാത്തപക്ഷം ആയത് സംബന്ധിച്ച സത്യവാങ്മൂലം നൽകണം.

# 1955 ലെ ഹിന്ദു വിവാഹ നിയമം

## 1.1 വിവാഹ രജിസ്ട്രേഷൻ

### 1.1.4 ഹിന്ദു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ചട്ടം 13 കാണുക)

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | തദ്ദേശ രജിസ്ട്രാർക്ക് |
| II. | സേവനം നൽകുന്നതിനുള്ള സമയപരിധി | - | 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | തദ്ദേശ രജിസ്ട്രാർ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. വിവാഹ രജിസ്ട്രേഷനിൽ ചേർത്ത വിവരങ്ങൾ അടങ്ങിയ 3 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. 50 രൂപയുടെ മുദ്രപത്രം |
| V. | അടക്കേണ്ട ഫീസ് | - | 10 രൂപ പകർപ്പ് ഫീസ് (ചട്ടം 13 (iv) ) |

## 2008 ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ

## 1.2 വിവാഹ രജിസ്ട്രേഷൻ

### 1.2.1 വിവാഹം നടന്ന് അഞ്ച് കൊല്ലത്തിനകം ഉള്ള രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ |
| II. | രജിസ്ട്രേഷൻ സമയപരിധി | - | 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 2 പകർപ്പുകൾ (ഫോറം 1 ചട്ടം 9)<br>2. 45 ദിവസം കഴിഞ്ഞ സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ<br>3. പാസ്പോർട്ട് സൈസ് ഫോട്ടോ<br>4. ജനനതീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി. ബുക്ക്/ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ്/ പാസ്പോർട്ട്/സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ ജനനതീയതി കാണിക്കുന്ന മറ്റേതെങ്കിലും രേഖ)<br>5. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാനത്തിന്റെ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി, എം.എൽ.എ., ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ/നഗരസഭാ കൗൺസിലർ എന്നിവരാരെങ്കിലും സാക്ഷ്യപ്പെടുത്തി നൽകിയ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫോറം നമ്പർ : II)<br>6. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഫോട്ടോ കോപ്പിയും വിദേശതാമസസ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. (സ.ഉ(പി)18/2015/തീയതി 23.9.2015) |
| V. | അടക്കേണ്ട ഫീസ് | - | രജിസ്ട്രേഷൻ ഫീസ് - 100 രൂപ<br>ബി.പി.എൽ/എസ്.സി/എസ്.ടി ക്കാർക്ക് - 10 രൂപ<br>സർട്ടിഫിക്കറ്റിനുള്ള ഫീസ് - 20 രൂപ (അധിക സർട്ടിഫിക്കറ്റ് ഫീസ് 25 രൂപ)<br>വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞ സംഗതികളിൽ 100 രൂപ പിഴ കൂടി അടക്കണം. |

**കുറിപ്പുകൾ**

1. വ്യത്യസ്ത മതവിഭാഗങ്ങളിൽ പെടുന്നവരുടേയും വിവാഹങ്ങൾ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നടന്നതാണെങ്കിൽ രജിസ്റ്റർ ചെയ്യാം.
2. ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമൊ മതാചാരപ്രകാരമൊ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമൊ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന ബന്ധം രജിസ്റ്റർ ചെയ്യാവുന്നതല്ല. (2015 ലെ ഭേദഗതി ചട്ടങ്ങൾ)
3. അതത് രജിസ്ട്രേഷൻ യൂണിറ്റിൽ വെച്ച് നടക്കുന്ന വിദേശിയരും ഇന്ത്യക്കാരുമായുള്ള വിവാഹങ്ങളും രജിസ്ട്രേഷൻ ചെയ്യുന്നതിന് നിയമതടസ്സം ഇല്ല.

4. ഭാര്യയും ഭർത്താവും രജിസ്റ്ററിൽ നിർബന്ധമായും ഒപ്പുവെച്ചിരിക്കണം. എന്നാൽ ഒരുമിച്ച് ഹാജരാകണമെന്നില്ല. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി വിവാഹത്തിലേർപ്പെട്ട കക്ഷികൾ മാത്രമെ രജിസ്ട്രാർ മുമ്പാകെ ഹാജരാകേണ്ടതുള്ളൂ (ചട്ടം 9(3),11)

5. ഒരാൾ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി ജീവിച്ചിരിക്കുന്നയാൾക്ക് രജിസ്ട്രേഷൻ നടത്താം.

6. വിവാഹം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ചട്ടം 11 പ്രകാരം പ്രത്യേക അപേക്ഷ കൂടാതെ അപ്പോൾ തന്നെയോ പരമാവധി 3 പ്രവൃത്തി ദിവസത്തിനുള്ളിലോ ആയതിന്റെ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കക്ഷിക്ക് നൽകേണ്ടതാണ്.

7. കമ്പ്യൂട്ടറൈസ്ഡ് രജിസ്ട്രേഷനിൽ അധിക സെറ്റ് ഫോട്ടോ ആവശ്യം വരുന്നതല്ല.

8. പ്രായപൂർത്തിയാകാതെ നടന്ന എല്ലാ വിവാഹങ്ങളും കക്ഷികൾ പ്രായപൂർത്തിയായി രണ്ടു വർഷത്തിനകം വിവാഹം അസാധുവാകുന്നതിനുള്ള അപേക്ഷ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. പുനർ വിവാഹമാണെങ്കിൽ പങ്കാളി മരണപ്പെട്ടതിന്റെ തെളിവൊ കോടതി മുഖേന വിവാഹ ബന്ധം വേർപ്പെടുത്തിയതിന്റെ രേഖകളൊ ഹാജരാക്കണം.

10. മുസ്ലീം വിവാഹത്തിന്റെ സംഗതിയിൽ ശരിയത്ത് നിയമത്തിന് വിധേയമായിട്ടുള്ള (1) ഭർത്താവ് ഭാര്യയെ മൊഴി ചെല്ലിയതായി കാണിക്കുന്ന ജമാഅത്തിൽ നിന്നുള്ള രേഖകളൊ, (2) ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിൽ ഉണ്ടാക്കിയ വിവാഹ മോചന കരാർ രേഖയുടെ പകർപ്പൊ (3) കോടതിയിൽ നിന്നുള്ള വിവാഹ മോചന ഉത്തരവൊ മതിയാകുന്നതാണ്. (സർക്കാർ കത്ത് നമ്പർ 69016/ആർ.സി.3/2009/തസ്വഭവ തീയതി 1.03.2010)

11. ബന്ധുത്വം ഉള്ളവർ സാക്ഷികളാകുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ല.

12. അപ്പീലും റിവിഷനും നൽകേണ്ടത് 3 മാസത്തിനകവും തീർപ്പാക്കേണ്ടത് 60 ദിവസത്തിനകവുമാണ്.

13. 27-6-2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാം.

14. മതം മാറി വിവാഹം നടക്കുന്ന സംഗതികളിൽ വിവാഹം കഴിഞ്ഞതിന് ശേഷം മാത്രമാണ് പേര് മാറ്റം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം നടത്തുന്നതെങ്കിൽ വിവാഹസമയത്തുള്ള പേരാണ് വിവാഹരജിസ്റ്ററിൽ ചേർക്കേണ്ടത്. (ചീഫ് രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡയറക്ടർ) 21.12.2016 ലെ ബി-1 -34274/16 നമ്പർ കത്ത്)

## 2008 ലെ പൊതു വിവാഹ ചട്ടങ്ങൾ

## 1.2 വിവാഹ രജിസ്ട്രേഷൻ

### 1.2.2 വിവാഹം നടന്ന് അഞ്ച് വർഷത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | വിവാഹ (പൊതു) രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) തദ്ദേശ രജിസ്ട്രാർ മുഖേന |
| II. | രജിസ്ട്രേഷൻ സമയപരിധി | - | രജസ്ട്രാർ ജനറലിൽ നിന്ന് അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | അനുമതി നൽകുന്നത് - രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)<br>രജിസ്റ്റർ ചെയ്യുന്നത് - വിവാഹ(പൊതു) തദ്ദേശ രജിസ്ട്രാർ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ<br>2. നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 2 കോപ്പികൾ<br>3. പാസ്പോർട്ട് സൈസ് ഫോട്ടോ<br>4. ജനനതീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി. ബുക്ക്/ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ ജനനതീയതി കാണിക്കുന്ന മറ്റേതെങ്കിലും രേഖ)<br>5. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാനത്തിൽ നിന്നുള്ള സാക്ഷ്യപത്രം അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി, എം.എൽ.എ, ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ/നഗരസഭാ കൗൺസിലർ എന്നിവരിൽ ആരെങ്കിലും നൽകിയ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫോറം II) അല്ലെങ്കിൽ വിവാഹം നടന്നു എന്ന് രജിസ്ട്രാർ ജനറലിന് ബോധ്യമാകുന്ന മറ്റെന്തെങ്കിലും രേഖകൾ<br>6. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഫോട്ടോ കോപ്പിയും വിദേശതാമസസ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. (സ.ഉ(പി)18/2015/തീയതി 23.9.2015) |
| V. | അടക്കേണ്ട ഫീസ് | - | രജിസ്ട്രേഷൻ ഫീസ് - 100 രൂപ, BPL, SC/ST- 10 രൂപ<br>പിഴ - 250 രൂപ<br>സർട്ടിഫിക്കറ്റ് - 20 രൂപ (അധിക സർട്ടിഫിക്കറ്റ് ഒന്നിന്- 25 രൂപ) |

**കുറിപ്പുകൾ**

1. വ്യത്യസ്ത മതവിഭാഗങ്ങളിൽ പെടുന്നവരുടേയും വിവാഹങ്ങൾ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നടന്നതാണെങ്കിൽ രജിസ്റ്റർ ചെയ്യാം.

2. ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമൊ മതാചാരപ്രകാരമൊ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമൊ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന ബന്ധം രജിസ്റ്റർ ചെയ്യാവുന്നതല്ല. (2015 ലെ ഭേദഗതി ചട്ടങ്ങൾ)

3. അതത് രജിസ്ട്രേഷൻ യൂണിറ്റിൽ വെച്ച് നടക്കുന്ന വിദേശിയരും ഇന്ത്യക്കാരുമായുള്ള വിവാഹങ്ങളും രജിസ്ട്രേഷൻ ചെയ്യുന്നതിന് നിയമതടസ്സം ഇല്ല.

4 ഭാര്യയും ഭർത്താവും രജിസ്റ്ററിൽ നിർബന്ധമായും ഒപ്പുവെച്ചിരിക്കണം. എന്നാൽ ഒരുമിച്ച് ഹാജരാകണമെന്നില്ല.

5 ഒരാൾ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി ജീവിച്ചരിക്കുന്നയാൾക്ക് രജിസ്ട്രേഷൻ നടത്താം.

6. വിവാഹം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ചട്ടം 11 അനുസരിച്ച് വിവാഹ സർട്ടിഫിക്കറ്റ് ഉടനെ തന്നെയോ പരമാവധി 3 പ്രവൃത്തി ദിവസത്തിനുള്ളിലോ പ്രത്യേക അപേക്ഷ കൂടാതെ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകേണ്ടതാണ്.

7. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാനത്തിന്റെ സാക്ഷ്യപത്രമോ ഫോറം 2 ലെ സാക്ഷ്യപത്രമോ ഹാജരാക്കുന്ന സംഗതികളിൽ തെളിവിനായി മറ്റൊരു രേഖയും ആവശ്യപ്പെടേണ്ടതില്ല. (31.12.2013 നം. 68618/ആർ.സി.3/2013/തസ്വഭവ നമ്പർ കത്ത്)

8. പ്രായപൂർത്തിയാകാതെ നടന്ന എല്ലാ വിവാഹങ്ങളും കക്ഷികൾ പ്രായപൂർത്തിയായി രണ്ടു വർഷത്തിനകം വിവാഹം അസാധുവാകുന്നതിനുള്ള അപേക്ഷ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. പുനർ വിവാഹമാണെങ്കിൽ പങ്കാളി മരണപ്പെട്ടതിന്റെ തെളിവൊ കോടതി മുഖേന വിവാഹ ബന്ധം വേർപ്പെടുത്തിയതിന്റെ രേഖകളൊ ഹാജരാക്കണം.

10. അപ്പീലും റിവിഷനും നൽകേണ്ടത് 3 മാസത്തിനകവും തീർപ്പാക്കേണ്ടത് 60 ദിവസത്തിനകവുമാണ്.

11. 27-6-2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാം.

12. മുസ്ലീം വിവാഹത്തിന്റെ സംഗതിയിൽ ശരിയത്ത് നിയമത്തിന് വിധേയമായിട്ടുള്ള (1) ഭർത്താവ് ഭാര്യയെ മൊഴി ചെല്ലിയതായി കാണിക്കുന്ന ജമാഅത്തിൽ നിന്നുള്ള രേഖകളൊ, (2) ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിൽ ഉണ്ടാക്കിയ വിവാഹ മോചന കരാർ രേഖയുടെ പകർപ്പൊ (3) കോടതിയിൽ നിന്നുള്ള വിവാഹ മോചന ഉത്തരവൊ മതിയാകുന്നതാണ്. (സർക്കാർ കത്ത് നമ്പർ 69016/ആർ.സി.3/2009/തസ്വഭവ തീയതി 1.03.2009)

13. ബന്ധുത്വം ഉള്ളവർ സാക്ഷികളാകുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ല.

# 2008 ലെ പൊതു വിവാഹ ചട്ടങ്ങൾ

## 1.2 വിവാഹ രജിസ്ട്രേഷൻ

### 1.2.3 വിവാഹ രജിസ്റ്ററിലെ തിരുത്തലുകൾ (പേര്, വയസ്, തീയതി മുതലായ സാരവത്തായ സംഗതികൾ ഒഴിച്ച്)

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർക്ക് |
| II. | സമയപരിധി | - | 15 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ |
| V. | അടക്കേണ്ട ഫീസ് | - | ക്ലറിക്കൽ തെറ്റുകൾക്ക് ഫീസില്ല. മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ് 100 രൂപ മുൻകൂട്ടി അടച്ചിരിക്കണം |

**കുറിപ്പ്:**

1. തിരുത്തൽ വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുമ്പ് ബന്ധപ്പെട്ട കക്ഷിയെ കേൾക്കുവാൻ ഒരു അവസരം നൽകേണ്ടതും തീരുമാനത്തിന്റെ പകർപ്പ് വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് നൽകേണ്ടതുമാണ്.
2. ദമ്പതിമാരിൽ ഒരാൾ മരണപ്പെട്ടാലും ജീവിച്ചിരിക്കുന്ന ഒരാളുടെ അപേക്ഷ പ്രകാരം രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട് തിരുത്തൽ വരുത്താവുന്നതാണ്.(ചട്ടം 9(3), 13)
3. ചട്ടം 13 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തദ്ദേശ രജിസ്ട്രാർക്ക് രജിസ്ട്രേഷനിൽ സ്വമേധയാ തിരുത്തലുകൾ വരുത്തുന്നതിനും രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും അധികാരമുണ്ട്.

## 2008 ലെ പൊതു വിവാഹ ചട്ടങ്ങൾ

### 1.2 വിവാഹ രജിസ്ട്രേഷൻ

**1.2.4 വിവാഹ രജിസ്റ്ററിലെ പേര്, വയസ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ**

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ബന്ധപ്പെട്ട ജില്ലയിലെ രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) തദ്ദേശഭരണ രജിസ്ട്രാർ മുഖേന |
| II. | സമയപരിധി | - | അനുമതി ലഭിച്ച് - 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | അനുമതി നൽകുന്നത് രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)<br>തിരുത്തൽ വരുത്തേണ്ടത് - വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ |
| V. | അടക്കേണ്ട ഫീസ് | - | 100 രൂപമുൻകൂട്ടി അടച്ചിരിക്കണം |

**കുറിപ്പ്:**

1. തിരുത്തൽ വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുമ്പ് ബന്ധപ്പെട്ട കക്ഷിയെ കേൾക്കുവാൻ ഒരു അവസരം നൽകേണ്ടതും തീരുമാനത്തിന്റെ പകർപ്പ് വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് നൽകേണ്ടതുമാണ്.
2. ദമ്പതിമാരിൽ ഒരാൾ മരണപ്പെട്ടാലും ജീവിച്ചിരിക്കുന്ന ഒരാളുടെ അപേക്ഷ പ്രകാരം രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട് തിരുത്തൽ വരുത്താവുന്നതാണ്.
3. വിവാഹ രജിസ്ട്രേഷനിൽ പാസ്പോർട്ടിലേതുപോലെ സർനെയിം ചേർത്തും ഇനീഷ്യൽ വികസിപ്പിച്ചും കൊണ്ടുള്ള തിരുത്തലുകൾ കേരളാ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് നടത്താവുന്നതാണ്. (പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2.7.2012 ലെ 29297/RC3/2012/LSGD നമ്പർ കത്ത്)

## ജനന മരണ രജിസ്ട്രേഷൻ
## സംശയങ്ങളും മറുപടിയും

## ജനന മരണ വിവാഹ രജിസ്ട്രേഷൻ
## സംശയങ്ങളും മറുപടിയും

1. *വിദേശ പൗരന്മാരുടെ ഇന്ത്യയിൽ നടക്കുന്ന ജനന മരണങ്ങൾ അവ നടക്കുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണോ ?*

   രജിസ്റ്റർ ചെയ്യാം. എല്ലാ ജനന മരണങ്ങളും അവ നടക്കുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ പൗരത്വം പരിഗണിക്കേണ്ടതില്ല.

2. *ഇന്ത്യൻ പൗരത്വമുള്ള ഒരാൾ വിദേശത്തുവച്ച് മരിച്ചാൽ പ്രസ്തുത മരണം ഇന്ത്യയിലെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യാമോ ?*

   വിദേശത്തു നടക്കുന്ന മരണം ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ല. 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 20(2) -ാം വകുപ്പിലെ പ്രത്യേക വ്യവസ്ഥ ഇന്ത്യൻ പൗരന്മാർക്ക് വിദേശത്തു ജനിക്കുന്ന കുട്ടികളുടെ ജനനരജിസ്ട്രേഷനു മാത്രമാണ് ബാധകം.

3. *16.07.2007 നും 2.08.2007 നും ഇടയ്ക്ക് തൂങ്ങിമരിച്ചയാളുടെ മരണം, മരിച്ചയാളെ 24.08.2007 ൽ മാത്രമേ തിരിച്ചറിഞ്ഞുള്ളുവെന്നതിനാൽ ഇൻക്വസ്റ്റിംഗ് ആഫീസർ യഥാസമയം റിപ്പോർട്ടുചെയ്തില്ല. ഈ കേസിൽ ലേറ്റ് ഫീ ഈടാക്കേണ്ടതുണ്ടോ ?*

   യഥാർത്ഥ മരണതീയതി അറിയാത്തസ്ഥിതിയ്ക്കും മനഃപൂർവ്വമുള്ള കാലതാമസം ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിലും ലേറ്റ് ഫീ ഈടാക്കേതില്ല.

4. *സ്ഥാപനങ്ങളിൽ നിന്നും പോലീസ് അധികാരികളും 21 ദിവസത്തിനുശേഷം റിപ്പോർട്ട് ചെയ്യുന്ന ജനന മരണങ്ങൾക്ക് ലേറ്റ് ഫീ ഈടാക്കേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ ആരാണ് ഫീ ഒടുക്കേണ്ടത് ?*

   സെക്ഷൻ 8 ലെയും സെക്ഷൻ 9 ലെയും വ്യവസ്ഥകൾ അനുസരിച്ച് ജനന മരണങ്ങൾ റിപ്പോർട്ടുചെയ്യുന്നതിന് ചുമതലപ്പെട്ട ഏതൊരാളും യഥാസമയം റിപ്പോർട്ടുനൽകാതിരുന്നാൽ ലേറ്റ് ഫീ ഒടുക്കാൻ ബാദ്ധ്യസ്ഥനാണ്. ഇവർക്കെതിരെ സെക്ഷൻ 23 (1) പ്രകാരമുള്ള ശിക്ഷയും ചുമത്താവുന്നതാണ്.

5. *റിപ്പോർട്ടുചെയ്യേണ്ട അവസാനദിവസം ചില സ്ഥാപനങ്ങൾ നൽകുന്ന റിപ്പോർട്ടുകളിൽ അന്നേദിവസം തന്നെ രജിസ്ട്രേഷൻ നടത്തുന്നതിന് സാധിക്കാതെ വരുകയും തുടർന്നുള്ള ദിവസങ്ങളിൽ പൊതു അവധികളാവുകയും ചെയ്യുമ്പോൾ ലേറ്റ്ഫീ ഈടാക്കേണ്ടതുണ്ടോ ?*

   യഥാസമയം റിപ്പോർട്ടുചെയ്യപ്പെടാത്ത ജനനമരണങ്ങൾക്കാണ് ലേറ്റ്ഫീ ഒടുക്കേണ്ടത് എന്നതിനാൽ ഇവിടെ ലേറ്റ് ഫീ ബാധകമാകുന്നില്ല.

6. *നിയമവിധേയമായ വിവാഹബന്ധത്തിലല്ലാതെ ജനിക്കുന്ന കുട്ടികളുടെ (Illegitimate) ജനന രജിസ്ട്രേഷൻ സംബന്ധിച്ച് എന്ത് നടപടികളാണ് രജിസ്ട്രാർ സ്വീകരിക്കേണ്ടത് ?*

   നിയമവിധേയമായ വിവാഹബന്ധത്തിലും അല്ലാതെയുമുള്ള ജനനങ്ങളുടെ രജിസ്ട്രേഷന് ഒരേ നടപടിക്രമം തന്നെയാണ് നിലവിലുള്ളത്. എന്നാൽ നിയമവിധേയമായ വിവാഹബന്ധത്തിലല്ലാതെ ജനിക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷനിൽ ഒരാളുടെ പേര് പിതാവിന്റെ പേരായി ഉൾപ്പെടുത്തുന്നതിന് പ്രസ്തുത വ്യക്തിയുടെയും മാതാവിന്റെയും സംയുക്താപേക്ഷ ഉണ്ടായിരിക്കണം.

7. *അസ്വാഭാവിക മരണം റിപ്പോർട്ടുചെയ്ത പോലീസ് ഉദ്യോഗസ്ഥൻ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചില്ലെന്ന കാരണത്താൽ മരണകാരണം രേഖപ്പെടുത്താതെ റിപ്പോർട്ട് നൽകിയാൽ അത് സ്വീകരിക്കാവുന്നതാണോ ?*

   ജനന മരണ രജിസ്ട്രേഷൻ നിയമം 8-ാം വകുപ്പു പ്രകാരം ചുമതലപ്പെട്ട വ്യക്തി തന്റെ അറിവിലും ഉത്തമവിശ്വാസത്തിലും യഥാവിധി റിപ്പോർട്ടു ചെയ്യുന്ന വിവരം രജിസ്ട്രാർ രജിസ്റ്റർ ചെയ്യേണ്ടതാ

ണ്. യഥാർത്ഥ മരണകാരണം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മരണകാരണം രേഖപ്പെടുത്താതെ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മരണം റിപ്പോർട്ടു ചെയ്യുന്ന സംഗതികളിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

8. *വീടിനുള്ളിൽ വച്ച് ഒരാൾ ആത്മഹത്യ ചെയ്തത് ഇൻക്വസ്റ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തില്ല. പ്രസ്തുത മരണം ഗൃഹനാഥനാണ് റിപ്പോർട്ടുചെയ്യേണ്ടതെന്നാണ് അദ്ദേഹത്തിന്റെ വാദം. ഇത് ശരിയാണോ ?*

ശരിയാണ്. ജനന മരണ രജിസ്ട്രേഷൻ നിയമം 8-ാം വകുപ്പ് (1) -ാം ഉപവകുപ്പിന്റെ (എ) മുതൽ (ഇ) വരെ ഖണ്ഡങ്ങൾക്കുകീഴിൽ വരാത്തതും ഇൻക്വസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമായ മരണങ്ങൾ ഇൻക്വസ്റ്റിംഗ് ആഫീസർ റിപ്പോർട്ട് ചെയ്യണമെന്നാണ് 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ 6(2)-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ വീടിനുള്ളിൽ വച്ചു നടന്ന ഈ മരണം സെക്ഷൻ 8 (1) (എ) പ്രകാരം ഗൃഹനാഥനാണ് റിപ്പോർട്ടു ചെയ്യേണ്ടത്.

9. *ജനനവും മരണവും വാക്കാലോ തപാൽ മുഖേനയോ റിപ്പോർട്ടുചെയ്യാവുന്നതാണോ?*

സെക്ഷൻ 8(1) പ്രകാരം ജനന മരണങ്ങൾ വാക്കാലും റിപ്പോർട്ട് ചെയ്യാവുന്നതാണ്. വാക്കാൽ നൽകുന്ന വിവരം രജിസ്റ്ററിൽ (റിപ്പോർട്ട് ഫാറത്തിൽ) രേഖപ്പെടുത്തേണ്ടതും വിവരം നൽകുന്നയാൾ പേരും മേൽവിലാസവും എഴുതി ഒപ്പുവയ്ക്കേണ്ടതുമാണ്. വിവരം നൽകുന്നയാൾ നിരക്ഷരനാണെങ്കിൽ അയാളുടെ പേരും മേൽവിലാസവും രജിസ്ട്രാർ രേഖപ്പെടുത്തേണ്ടതും വിരലടയാളം വയ്പിക്കേണ്ടതുമാണ്.

നിർദ്ദിഷ്ട ഫാറത്തിൽ (ഫാറം 1,2,3) തപാൽമാർഗ്ഗം ലഭിക്കുന്ന റിപ്പോർട്ടുകളും നിയമാനുസൃതമാണ്. അത്തരം കേസുകളിൽ തപാൽമാർഗ്ഗം ലഭിച്ച റിപ്പോർട്ടാണെന്ന വിവരം റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തണം.

10. *ടെലഫോൺ മുഖേന ജനനമരണങ്ങൾ റിപ്പോർട്ടുചെയ്യാവുന്നതാണോ ?*

റിപ്പോർട്ട് ഫാറത്തിൽ വിവരം നൽകുന്നയാൾ ഒപ്പുവയ്ക്കണം എന്നതിനാൽ ടെലഫോൺ മുഖേന റിപ്പോർട്ടു ചെയ്യാൻ കഴിയില്ല. എന്നാൽ പ്രസ്തുത ജനനമോ മരണമോ ചട്ടപ്രകാരം റിപ്പോർട്ടു ചെയ്യുന്നതിന് നടപടി സ്വീകരിച്ച് രജ്സ്ട്രേഷൻ നടത്തേണ്ടതാണ്.

11. *സെക്ഷൻ 12 പ്രകാരം, രജിസ്ട്രേഷൻ പൂർത്തിയായാലുടൻ അറിവുനൽകുന്നയാൾക്ക് സൗജന്യമായി പകർപ്പ് നൽകണമെന്ന് വ്യവസ്ഥചെയ്തിട്ടുള്ളതനുസരിച്ച് ആശുപത്രികളിൽ നടക്കുന്ന ജനനമരണങ്ങൾ സംബന്ധിച്ച സർട്ടിഫിക്കറ്റ് മെഡിക്കലാഫീസർക്കാണോ നൽകേണ്ടത് ?*

സെക്ഷൻ 12 ലെ വ്യവസ്ഥ അനുസരിച്ച് സർട്ടിഫിക്കറ്റ് മെഡിക്കലാഫീസർക്ക് നൽകേണ്ടതും മെഡിക്കലാഫീസർ അത് ബന്ധുക്കൾക്ക് കൈമാറേണ്ടതുമാണ് (ചട്ടം 8)

12. *സെക്ഷൻ 13 അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്ന ജനന-മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്ക് സെക്ഷൻ 12 പ്രകാരമുള്ള സൗജന്യ സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടോ ?*

സെക്ഷൻ 8, സെക്ഷൻ 9 എന്നിവ അനുസരിച്ച് ജനന മരണങ്ങൾ റിപ്പോർട്ടു ചെയ്യുന്ന വ്യക്തികൾക്ക് സൗജന്യമായി സർട്ടിഫിക്കറ്റ് നൽകുന്നതിനാണ് 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ സെക്ഷൻ 13 പ്രകാരം (21 ദിവസത്തിനുശേഷം) റിപ്പോർട്ടു നൽകുന്ന വ്യക്തിക്ക് സൗജന്യമായി സർട്ടിഫിക്കറ്റ് നൽകാവുന്നതല്ല.

13. *ഒരു ജനനം നടന്ന് 29-ാം ദിവസം ലഭിച്ച റിപ്പോർട്ട് രജിസ്ട്രാർ 6 ദിവസം കഴിഞ്ഞ് രജിസ്റ്റർ ചെയ്യുമ്പോൾ ആരാണ് സെക്ഷൻ 13(2) പ്രകാരമുള്ള അനുമതി വാങ്ങുകയും ലേറ്റ് ഫീ ഒടുക്കുകയും ചെയ്യേണ്ടത് ?*

റിപ്പോർട്ട് 29-ാം ദിവസം നൽകിയിട്ടുള്ളതിനാൽ ഈ ജനന രജിസ്ട്രേഷന് സെക്ഷൻ 13(2) ബാധകമാകുന്നില്ല. സെക്ഷൻ 13 (1) പ്രകാരമുള്ള ലേറ്റ് ഫീ (2രൂപ) റിപ്പോർട്ടുചെയ്തയാൾ ഒടുക്കേണ്ട

താണ്.

14. *1.04.1970 നു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ ഇപ്പോൾ പേരു ചേർക്കാവുന്നതാണോ ?*

സെക്ഷൻ 31(2) പ്രകാരം, മുമ്പ് നിലവിലുണ്ടായിരുന്ന നിയമങ്ങൾ അനുസരിച്ച് നടത്തിയിട്ടുള്ള രജിസ്ട്രേഷനുകൾ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമ പ്രകാരം നടത്തിയതായി കരുതപ്പെടുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പഴയ രജിസ്ട്രേഷനുകളിൽ പേരു ചേർക്കുക, എക്സ്ട്രാക്ട് നൽകുക, തിരുത്തലുകൾ വരുത്തുക മുതലായവ നിലവിലുള്ള നിയമ പ്രകാരം നടത്തേണ്ടതാണ്. എന്നാൽ 1.4.1970 ന് മുമ്പുള്ള രജിസ്ട്രേഷനുകളിൽ പേരു ചേർക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനും ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്. 2015 ലെ ജനന മരണ രജിസ്ട്രേഷൻ (ഭേദഗതി) ചട്ടങ്ങൾ അനുസരിച്ച് 23.6.2015 നു മുമ്പ് നടത്തിയ ജനന രജിസ്ട്രേഷനുകളിൽ 22.06.2020 നു ശേഷം പേരു ചേർക്കാവുന്നതല്ല.

15. *ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നതിൽ വീഴ്ച വരുത്തിയാൽ സെക്ഷൻ 23(4) പ്രകാരം നടപടി സ്വീകരിക്കാൻ കഴിയുമോ ?*

1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 10(1) -ാം ചട്ടം അനുസരിച്ച് മാതാപിതാക്കളോ രക്ഷാകർത്താവോ രജിസ്ട്രേഷൻ തീയതി മുതൽ 12 മാസത്തിനകം കുട്ടിയുടെ പേര് സംബന്ധിച്ച് രജിസ്ട്രാർക്ക് വിവരം നൽകേണ്ടതും ചട്ടത്തിൻ കീഴിലുള്ള ക്ലിപ്ത നിബന്ധന അനുസരിച്ച് വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ വ്യക്തിക്കെതിരെ സെക്ഷൻ 23 (4) പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

16. *കുട്ടിയുടെ സെക്സ് ശസ്ത്രക്രിയ വഴി മാറ്റം വരുത്തിയാൽ ജനന രജിസ്ട്രേഷനിൽ അതനുസരിച്ച് മാറ്റം വരുത്താമോ ?*

മെഡിക്കൽ രേഖകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷനിൽ കുട്ടിയുടെ സെക്സും ആവശ്യമെങ്കിൽ പേരും മാറ്റാവുന്നതാണ്.

17. *ജനന മരണ രജിസ്ട്രേഷനുകളിൽ തിരുത്തലുകൾ വരുത്തുന്നതിന് ഫീസ് ഈടാക്കാൻ വ്യവസ്ഥയുണ്ടോ ?*

ജനന മരണ രജിസ്ട്രേഷൻ നിയമത്തിലോ ചട്ടങ്ങളിലോ തിരുത്തലിന് ഫീസ് ചുമത്തുന്നതിന് വ്യവസ്ഥയില്ല.

18. *സർട്ടിഫിക്കറ്റിന് അപേക്ഷിക്കാതെ തെരച്ചിൽ നടത്തുന്നതിനു മാത്രമായി ഒരാൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണോ ?*

17-ാം വകുപ്പിലും ചട്ടങ്ങളിലും തെരച്ചിൽ നടത്തുന്നതിനും പകർപ്പ് വാങ്ങുന്നതിനും വെവ്വേറെ വ്യവസ്ഥയുള്ളതിനാൽ തെരച്ചിൽ നടത്തുന്നതിനു മാത്രമായി അപേക്ഷിക്കാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷയിൽ രജിസ്ട്രേഷൻ നിലവിലുണ്ടോ എന്ന വിവരം ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നമ്പരും തീയതിയും സഹിതം അപേക്ഷകനെ അറിയിച്ചാൽ മതിയാകുന്നതാണ്.

19. *മരിച്ചുപോയ ഒരാളുടെ ജനനം രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ ?*

7(2)-ാം വകുപ്പ് അനുസരിച്ച് എല്ലാ ജനന മരണങ്ങളും നിർബ്ബന്ധമായും രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്. അതിനാൽ മരിച്ചുപോയ വ്യക്തിയുടെ ജനനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ അത് രജിസ്റ്റർ ചെയ്യാവുന്നതാണ്.

20. *പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ട മൃതദേഹം സംബന്ധിച്ച മരണ റിപ്പോർട്ടിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മരണതീയതി '6.01.2007 നും 12.01.2007 നും ഇടയ്ക്ക്' എന്ന് രേഖപ്പെടുത്തി. കൃത്യമായ മരണത്തീയതി രേഖപ്പെടുത്താത്ത ഈ മരണം രജിസ്റ്റർ ചെയ്യാമോ?*

ചെയ്യാം. ജനന മരണ രജിസ്ട്രേഷൻ നിയമം 8-ാം വകുപ്പു പ്രകാരം ചുമതലപ്പെട്ട വ്യക്തി തന്റെ അറിവിലും ഉത്തമവിശ്വാസത്തിലും യഥാവിധി റിപ്പോർട്ടു ചെയ്യുന്ന വിവരം രജിസ്ട്രാർ രജിസ്റ്റർ

ചെയ്യേണ്ടതാണ്. യഥാർത്ഥ മരണതീയതി ലഭ്യമല്ലാത്ത സാഹചര്യത്തിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ട് സ്വീകരിച്ച് മരണതീയതി '6.01.2007 നും 12.01.2007 നും ഇടയ്ക്ക്' എന്ന് രേഖപ്പെടുത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷന്റെ റിമാർക്സ് കോളത്തിൽ വിവരം രേഖപ്പെടുത്തുകയും വേണം

21. *1.6.2007 മുതൽ പ്രാബല്യത്തിൽ വന്ന പുതിയ ജനന മരണ സർട്ടിഫിക്കറ്റ് ഫാറങ്ങളിൽ 'ലഭ്യമല്ല' എന്ന് കാണിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കിട്ടാനുള്ള അപേക്ഷ അനുവദിക്കാമോ ?*

ജനന മരണ രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്ട്രേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിലെ തെറ്റു തിരുത്തുന്നതിനല്ലാതെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്ററിൽ കോളം ഇല്ലാത്ത ഏതെങ്കിലും വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിന് വ്യവസ്ഥയില്ല. അതിനാൽ പഴയ രജിസ്ട്രേഷനുകളിൽ ഇല്ലാത്ത വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനുള്ള അപേക്ഷ അനുവദിക്കാവുന്നതല്ല. എന്നാൽ രജിസ്റ്ററിലെ ഏതെങ്കിലും കോളങ്ങളിൽ വിവരം രേഖപ്പെടുത്താത്ത കേസുകളിൽ തിരുത്തൽ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ച് ശരിയായ വിവരം ചേർക്കാവുന്നതാണ്.

22. *വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടാൽ മരണകാരണം അറിയിച്ചുകൊടുക്കേണ്ടതുണ്ടോ ?*

ജനന മരണ രജിസ്ട്രേഷൻ നിയമത്തിൽ രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള മരണ കാരണം സംബന്ധിച്ച പകർപ്പ് നൽകാൻ പാടില്ല എന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, വിവരാവകാശ നിയമം 8(1) (j) സെക്ഷനിലെ വ്യവസ്ഥ പ്രകാരവും മരണകാരണം അറിയിക്കേണ്ടതില്ല.

23. *ഒരു പ്രസവത്തിൽ ഒന്നിലധികം കുട്ടികൾ ജനിക്കുന്ന സംഗതിയിൽ എപ്രകാരമാണ് ജനന രജിസ്റ്ററിൽ ചേർക്കേണ്ടത്?*

ഓരോ കുട്ടിയുടെയും വിവരം വെവ്വേറെ റിപ്പോർട്ടു ചെയ്യേണ്ടതും ആയതു പ്രകാരം തന്നെ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

24. *വിവാഹ രജിസ്ട്രേഷനിലെ മെമ്മോറാണ്ടത്തിൽ ബന്ധുക്കൾ സാക്ഷികളായി ഒപ്പു വയ്ക്കാമോ?*

വിവാഹത്തിന് സാക്ഷ്യം വഹിച്ച ഏതൊരാൾക്കും മെമ്മോറാണ്ടത്തിൽ സാക്ഷിയായി ഒപ്പു വയ്ക്കാവുന്നതാണ്.

25. *വിവാഹം നടന്നതിനു തെളിവായി ഫോട്ടോഗ്രാഫുകൾ ആവശ്യപ്പെടാവുന്നതാണോ?*

വിവാഹം നടന്നതിനുള്ള തെളിവായി മതാചാര പ്രകാരമുള്ള വിവാഹങ്ങൾക്ക് മതാധികാരസ്ഥാനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ/എം.പി/എം.എൽ.എ/ തദ്ദേശഭരണ സ്ഥാപന അംഗം ഫോറം നം.2-ൽ നൽകുന്ന ഡിക്ലറേഷനും ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം നടന്ന വിവാഹങ്ങൾക്ക് വിവാഹ ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും തെളിവായി സ്വീകരിക്കേണ്ടതാണ്.

26. *വിവാഹമോചനം അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവാഹ രജിസ്ട്രേഷൻ റദ്ദാക്കണമെന്നാവശ്യപ്പെട്ട് കക്ഷികൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച് വിവാഹ രജിസ്ട്രേഷൻ റദ്ദാക്കാവുന്നതാണോ?*

വിവാഹം യഥാർത്ഥത്തിൽ നടന്നിട്ടുള്ളതിനാൽ രജിസ്ട്രേഷൻ റദ്ദാക്കേണ്ടതില്ല .

27. *വിവാഹം അസാധുവായി പ്രഖ്യാപിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവാഹ രജിസ്ട്രേഷൻ റദ്ദാക്കാവുന്നതാണോ?*

വിവാഹം അസാധുവായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ രജിസ്ട്രേഷൻ റദ്ദാക്കേണ്ടതാണ്.

## ജനന മരണ ചീഫ് രജിസ്ട്രാറുടെ നടപടിക്രമങ്ങൾ

വിഷയം- ജനന മരണ രജിസ്ട്രേഷൻ-സബ് രജിസ്ട്രാർമാരെ നിയമിക്കുന്നതും ചുമതലകൾ നൽകുന്നതും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- ചീഫ് രജിസ്ട്രാറുടെ 12.06.1990 ലെ ബി1-20217/90/കെ.ഡിസ് നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ബി1-12194/2017 തീയതി:09.05.2017**

1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 7-ാം വകുപ്പ് (5)-ാം ഉപ വകുപ്പ് പ്രകാരം ചീഫ് രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടു കൂടി ഓരോ രജിസ്ട്രേഷൻ യൂണിറ്റിലെയും ജനന മരണ രജിസ്ട്രാർക്ക് സബ് രജിസ്ട്രാർമാരെ നിയമിക്കാവുന്നതാണെന്നും രജിസ്ട്രാറുടെ ചുമതലകൾ ഭാഗികമായോ പൂർണ്ണമായോ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് അല്ലെങ്കിൽ ഹെഡ് ക്ലാർക്കിനെയും മുനിസിപ്പാലിറ്റികളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 നെയും മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഹെൽത്ത് സൂപ്പർവൈസർ അല്ലെങ്കിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 നെയും സബ് രജിസ്ട്രാർ ആയി നിയമിക്കുന്നതിന് പരാമർശം ഉത്തരവ് പ്രകാരം ചീഫ് രജിസ്ട്രാർ അനുമതി നൽകിയിട്ടുള്ളതാണ്.

രജിസ്ട്രേഷൻ യൂണിറ്റുകളിൽ രജിസ്ട്രേഷൻ നടപടികൾ സേവന പ്രദാനവും കൂടുതൽ കാര്യക്ഷമവും ആക്കുന്നതിനായി സബ് രജിസ്ട്രാർമാരുടെ നിയമനം സംബന്ധിച്ചും ചുമതലകൾ സംബന്ധിച്ചും ചുവടെ ചേർക്കും പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരെയും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് അല്ലെങ്കിൽ ഹെഡ് ക്ലാർക്കിനെ സബ് രജിസ്ട്രാർ ആയി നിയമിക്കേണ്ടതാണ്.

2. മുനിസിപ്പാലിറ്റികളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലുള്ള ഉദ്യോഗസ്ഥനെ സബ് രജിസ്ട്രാർ ആയി നിയമിക്കേണ്ടതാണ്.

3. മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഹെൽത്ത് സൂപ്പർവൈസർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകളിലുള്ള ഉദ്യോഗസ്ഥരെ സബ് രജിസ്ട്രാർ ആയി നിയമിക്കേണ്ടതാണ്.

4. മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ആവശ്യമെങ്കിൽ ഒന്നിലധികം സബ് രജിസ്ട്രാർമാരെ നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കുന്ന സബ് രജിസ്ട്രാർമാർക്ക് അവരുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങൾ നിശ്ചയിച്ച് നൽകേണ്ടതാണ്.

5. സബ് രജിസ്ട്രാർമാർക്ക് 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 12 പ്രകാരവും സെക്ഷൻ 17 പ്രകാരവുമുള്ള സർട്ടിഫിക്കറ്റുകൾ നൽകൽ, ജനന മരണങ്ങളുടെ രജിസ്ട്രേഷൻ, ജനന രജിസ്ട്രേഷനുകളിൽ കുട്ടിയുടെ പേര് ചേർക്കൽ, തിരുത്തലുകൾ തുടങ്ങിയ ചുമതലകൾ പൂർണ്ണമായോ ഭാഗികമായോ ഏൽപ്പിച്ചു നൽകാവുന്നതാണ്.

6. മേൽപ്പറഞ്ഞ പ്രകാരം സബ് രജിസ്ട്രാർമാർ രജിസ്ട്രാറുടെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ സബ് രജിസ്ട്രാറുടെ പേര്, ഔദ്യോഗിക പദവി, വിലാസം എന്നിവ വ്യക്തമാക്കുന്ന മുദ്ര ഉപയോഗിക്കേണ്ടതാണ്.

7. സബ് രജിസ്ട്രാർമാർ രജിസ്ട്രാറുടെ പൂർണ്ണ നിയന്ത്രണത്തിനും നിർദ്ദേശങ്ങൾക്കും വിധേയമായി ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(ഒപ്പ്)

**കെ.പി.സാബുക്കുട്ടൻ നായർ**
ചീഫ് രജിസ്ട്രാർ(ജനന-മരണം)

എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും
എല്ലാ ജനന-മരണ സബ് രജിസ്ട്രാർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും
അഡീഷണൽ ചീഫ് രജിസ്ട്രാർ
നഗരകാര്യ വകുപ്പ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
പബ്ലിസിറ്റി ആഫീസർ
കരുതൽ ഫയൽ